National Games
KERALA 2015
31 Jan - 14 Feb

Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണൽ ഗെയിംസ്;

## ഐ.ഒ.എ പ്രതിനിധി സംഘമെത്തി; ചർച്ച നാളെയും

തിരുവനന്തപുരം; 15 ജനുവരി 2014: മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന്റെ മുന്നൊരുക്കങ്ങളുടെ അവസാനഘട്ട വിശകലനം തിരുവനന്തപുരത്ത് ആരംഭിച്ചു.

നാഷണൽ ഗെയിംസ് കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ ഡോ. എസ്. എം. ബാലി, ഗെയിംസ് ടെക്നിക്കൽ കണ്ടക്റ്റ് കമ്മിറ്റി ചെയർമാൻ ശ്രീ. കെ. മുരുകൻ, കൺവീനർ എസ്. രാജീവ് എന്നിവരുടെ നേതൃത്വത്തിലുള്ള ഐ.ഒ.എ ഉന്നതതല സംഘമാണ് പരിശോധനയ്ക്കും ചർച്ചകൾക്കും എത്തിയിട്ടുള്ളത്.

ഗെയിംസ് സംബന്ധിച്ച മുന്നൊരുക്കങ്ങളും തയ്യാറെടുപ്പും സംസ്ഥാന സർക്കാരിനു വേണ്ടി സ്പോർട്സ് വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഐ.ഒ.എ സംഘത്തിനു മുന്നിൽ അവതരിപ്പിച്ചു. ഗെയിംസ് നടത്തുന്നതിന് സംസ്ഥാനം എല്ലാ തയ്യാറെടുപ്പും നടത്തിക്കഴിഞ്ഞതായി മന്ത്രി ഐ.ഒ.എ പ്രതിനിധികളെ അറിയിച്ചു. ഇതു സംബന്ധിച്ച് ഏത് അടിയന്തിര സാഹചര്യവും നേരിടുന്നതിന് സർക്കാർ സജ്ജമാണ്.

തുടർന്ന് ഐ.ഒ.എ പ്രതിനിധി സംഘം ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് വിവിധ രംഗങ്ങളിലെ തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ടീമുകളുടെ അക്രഡിറ്റേഷൻ, താമസം, ഭക്ഷണം, ഗതാഗതം മുതലായവയ്ക്ക് ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ ഐ.ഒ.എ സംഘം നിരീക്ഷിച്ചു.



ടീമുകളുടെ രജിസ്ട്രേഷൻ, ഗെയിംസ് നടത്തിപ്പ് എന്നിവ സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളുമായും ഫെഡറേഷൻ ഭാരവാഹികളുമായും ഐ.ഒ.എ പ്രതിനിധി സംഘം ഇന്നും നാളെയും ചർച്ച നടത്തും. ഐ.ഒ.എ പ്രതിനിധികൾ വിവിധ സ്റ്റേഡിയങ്ങൾ സന്ദർശിക്കും.

*(ഐ.ഒ.എ പ്രതിനിധി സംഘാംഗങ്ങളായ ഡോ. എസ്. എം ബാലി, ശ്രീ. കെ. മുരുകൻ, ശ്രീ. എസ്. രാജീവ് തുടങ്ങിയവർ സംസ്ഥാന സ്പോർട്സ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനുമായി ചർച്ച നടത്തുന്നു)*